# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 11 | 2023 |
| --- | --- | --- |



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

## തിരുവാഭരണ ഘോഷയാത്ര നാളെ (ജനുവരി 12) പന്തളത്തുനിന്നും പുറപ്പെടും

മകരസംക്രമ സന്ധ്യയിൽ ശബരീശ വിഗ്രഹത്തിൽ ചാർത്തുവാനുള്ള തിരുവാഭരണങ്ങൾ നാളെ (ജനുവരി 12) പന്തളത്തുനിന്നും ഘോഷയാത്രയായി ശബരിമലയിലേക്കു കൊ ുപോകും. പതിനാലിനാണ് മകരവിളക്ക്. പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലെ സുരക്ഷിത മുറിയിൽ സൂക്ഷിച്ചിരിക്കുന്ന തിരുവാഭരണങ്ങളാണ് ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻ പിള്ളയുടെ നേതൃത്വത്തിലുള്ള അംഗങ്ങൾ ശിരസിലേറ്റി കാൽനടയായി ശബരിമലയിലെത്തിക്കുന്നത്. പന്തളം വലിയതമ്പുരാൻ പന്തളം കൊട്ടാരം വലിയതമ്പുരാൻ മകയിരം നാൾ രാഘവ വർമ പ്രതിനിധിയായി രാജരാജ വർമയാണ് ഇത്തവണ ഘോഷയാത്രയെ നയിക്കുന്നത്.

ജനുവരി 12-ന് പുലർച്ചെ ആഭരണങ്ങൾ വലിയകോയിക്കൽ ധർമശാസ്താ ക്ഷേത്രത്തിലേക്ക് എഴുന്നെള്ളിക്കും. 11 മണിവരെ ഭക്തർക്ക് ആഭരണങ്ങൾ ദർശിക്കുവാനുള്ള സൗകര്യമു ാകും. ഉച്ചയോടെ ക്ഷേത്രത്തിൽ ആചാരപരമായ ചടങ്ങുകൾ നടക്കും. രാജപ്രതിനിധി ക്ഷേത്രത്തിൽ നിന്നും പുറത്തിറങ്ങി പല്ലക്കിലേറി യാത്രതിരിക്കും. ഒരുമണിയ്ക്ക് കുളത്തിനാൽ ഗംഗാധരൻ പിള്ളയുടെ നേതൃത്വത്തിലുള്ള സംഘം ആഭരണ പേടകങ്ങൾ ശിരസിലേറ്റി ശബരിമലയെ ലക്ഷ്യമാക്കി നീങ്ങും.

പരമ്പരാഗത തിരുവാഭരണ പാതയിലൂടെ കുളനട, ഉള്ളന്നൂർ, ആറന്മുള വഴി അയിരൂർ പുതിയകാവ് ക്ഷേത്രത്തിലെത്തുന്ന സംഘം ആദ്യദിവസം അവിടെ വിശ്രമിക്കും. ര ാം ദിവസം പെരുനാട് വഴി ളാഹ വനംവകുപ്പ് സത്രത്തിലെത്തുന്ന ഘോഷയാത്രാസംഘം അവിടെ താവളമടിക്കും. മൂന്നാം ദിവസമാണ് കാനനപാതയിലൂടെ ഘോഷയാത്ര കടന്നുപോകുന്നത്. പ്ലാപ്പള്ളിയിൽ നിന്നും അട്ടത്തോട് വഴി വലിയാനവട്ടവും ചെറിയാനവട്ടവും കടന്ന് വൈകുന്നേരത്തോടെ സംഘം ശബരിമലയിലെത്തിച്ചേരും. തിരുവാഭരണങ്ങൾ ശബരീശവിഗ്രഹത്തിൽ ചാർത്തി ദീപാരാധന നടത്തുമ്പോൾ പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയും.

ഘോഷയാത്രയ്ക്കൊപ്പം യാത്രതിരിക്കുന്ന രാജാവ് പമ്പയിലെത്തി ഭക്തർക്ക് ഭസ്മം നൽകി അനുഗ്രഹിക്കും. മൂന്നാം ദിവസം മലകയറുന്ന രാജാവ് ശബരിമലയിൽ നടക്കുന്ന കളഭവും മാളികപ്പുറത്ത് നടക്കുന്ന കുരുതിയും കഴിഞ്ഞാണ് ശബരിമല നടയടച്ച് ആഭരണങ്ങളുമായി പന്തളത്തേക്ക് മടങ്ങുന്നത്.

(പി.ആർ. ശബരി-258)

## മകരവിളക്ക്: വിപുലമായ ക്രമീകരണങ്ങളുമായി കെ എസ് ആർ ടി സി

മകരവിളക്ക് ദിവസമായ ജനുവരി 14 - ന് ശബരിമല ദർശനത്തിനെത്തുന്ന ഭക്തരുടെ യാത്ര കൂടുതൽ സുഗമമാക്കാൻ ക്രമീകരണങ്ങളുമായി കെഎസ്ആർടിസി. നിലവിൽ നടന്നു വരുന്ന സർവീസുകൾക്ക് പുറമെ മകരജ്യോതി ദർശനം കഴിഞ്ഞ് തിരികെ മടങ്ങുന്ന ഭക്തരുടെ യാത്ര ക്ലേശമൊഴിവാക്കാൻ അധികമായി ആയിരം ബസുകൾ കൂടി സർവീസിന് സജ്ജമാക്കുമെന്ന് കെഎസ്ആർടിസി പമ്പ സ്പെഷ്യൽ ഓഫീസർ ഷിബു കുമാർ പറഞ്ഞു. മകര വിളക്ക് ദിവസമായ പതിനാലിന് രാവിലെ ബസുകൾ എത്തും.

വൈകുന്നേരം മുതലായിരിക്കും അധികമായി ക്രമീകരിക്കുന്ന ബസുകളുടെ സർവീസ് ആരംഭിക്കുക. ഇരുന്നൂറ്റമ്പത് ബസുകൾ പമ്പയിൽ ക്രമീകരിക്കും. ത്രിവേണിയിൽ നിന്നാരംഭിക്കുന്ന ചെയിൻ ഹിൽടോപ്പ് ചുറ്റി നിലയ്ക്കൽ വരെ ഉ ാകും. നാനൂറ് ബസ് ഇതിനായി ഉപയോഗിക്കും.

നിലയ്ക്കലിൽ ആറാമത്തെ പാർക്കിംഗ് ഗ്രൗ ിൽ നൂറ് ബസുകൾ ക്രമീകരിക്കും. ചെയിൻ സർവീസിന്റെ ആദ്യ റൗ ിൽ നാനൂറ് ബസുകൾ ഉപയോഗിക്കും. ര ാം റൗ ് മുതൽ ഭക്തരുടെ എണ്ണം കണക്കാക്കിയായിരിക്കും ബസുകളുടെ എണ്ണം ക്രമീകരിക്കുക. ഇതിനൊപ്പം ദീർഘദൂര സർവീസുകളും ആരംഭിക്കും. ചെയിൻ സർവീസിന്റെ ര ാം റൗ ിൽ കുറഞ്ഞത് ഇരുന്നൂറ് ബസുകൾ ഓടിക്കും. നിലയ്ക്കൽ മുതൽ ഇലവുങ്കൽ വരെയുള്ള ഭാഗത്ത് ദീർഘദൂര സർവീസുകൾക്കായി അമ്പത് ബസുകൾ സജ്ജമാക്കി നിർത്തും. പമ്പയിൽ നിന്ന് ദീർഘ ദൂര സർവീസുകൾക്കായുള്ള ബസുകളുടെ എണ്ണം കുറയുന്ന മുറയ്ക്ക് ഈ ബസുകൾ പമ്പയിലേക്കെത്തിക്കും.

തുലാപ്പിള്ളി, ചെങ്ങന്നൂർ, എരുമേലി, പത്തനംതിട്ട, കാഞ്ഞിരപ്പള്ളി, പൊൻകുന്നം കൊട്ടാരക്കര തുടങ്ങി മറ്റിടങ്ങളിൽ ക്രമീകരിച്ച് നിർത്തുന്ന ബസുകളും രാത്രിയോടെ ആവശ്യാനുസരണം പമ്പയിലേക്കെത്തിച്ച് സർവീസ് ആരംഭിക്കും. ഗതാഗതക്കുരുക്കൊഴിവാക്കുകയെന്ന ലക്ഷ്യത്തോടെയാണ് വിവിധ ഇടങ്ങളിലായി ബസുകൾ ക്രമീകരിച്ച് ആവശ്യാനുസരണം പമ്പയിലേക്കെത്തിച്ച് സർവീസ് നടത്തുകയെന്ന തീരുമാനം കൈ കൊ ിട്ടുള്ളത്.

തങ്ങളുടെ ജീവനക്കാർ ഗതാഗത കുരുക്കു ാക്കിയാൽ അത് നിരീക്ഷിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും കെഎസ്ആർസി ഇത്തവണ സംവിധാനമൊരുക്കിയിട്ടു ്. ഇൻസ്പെക്ടർമാരെയും മെക്കാനിക്കുമാരേയും ഉൾപ്പെടുത്തി ഇരുന്നൂറോളം ആളുകളെ ഇതിനായി നിയോഗിക്കും. ഇതിനുപുറമെ ഒരു മെക്കാനിക്കും ഡ്രൈവറും ഉൾപ്പെടുന്ന സംഘം ഇരുചക്ര വാഹനത്തിലും നിരത്തിലു ാകും. ഏതെങ്കിലും വാഹനത്തിൽ പകരം ഡ്രൈവറെ നിയോഗിക്കേ ി വന്നാൽ ഇരു ചക്രവാഹനത്തിലെത്തുന്ന ഡ്രൈവർ തുടർ സേവനം ഏറ്റെടുക്കും. യന്ത്ര തകരാർ മൂലം ബസുകൾ നിരത്തിൽ കിടക്കുന്നതൊഴിവാക്കാനാണ് ഇരുചക്രവാഹനത്തിൽ മെക്കാനിക്കിന്റെ സേവനം നിരത്തിൽ സാധ്യമാക്കുന്നത്.

നിലവിൽ പമ്പയിലേക്ക് മറ്റ് ഡിപ്പോകളിൽ നിന്ന് നടന്നു വരുന്ന ബസ് സർവീസുകൾക്ക് പുറമെ ഇരുന്നൂറ്റിയെഴുപതോളം ബസുകൾ എത്തിച്ചാണിപ്പോൾ സർവീസ് ക്രമീകരിച്ചിട്ടുള്ളത്. ഇതിൽ ഇരുന്നൂറ്റഞ്ചെണ്ണം ചെയിൻ സർവീസിനായും അറുപത്തഞ്ചെണ്ണം ദീർഘദൂര സർവീസിനായും ഉപയോഗിക്കുന്നു. ഇതിൽ യന്ത്ര തകരാറിന് സാധ്യതയുള്ള ഇരുപതോളം

ബസുകൾ പമ്പയിൽ നിന്ന് തിരികെ അയയ്ക്കുമെന്നും മറ്റ് ഡിപ്പോകളിൽ നിന്നടക്കം അഞ്ഞൂറോളം ബസ് സർവീസുകൾ നടന്ന് വരുന്നതായും കെഎസ്ആർടിസി പമ്പ സ്പെഷ്യൽ ഓഫീസർ അറിയിച്ചു.

(പി.ആർ. ശബരി- 259)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.